പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5209 — 27.06.2019 -ൽ മറുപടിക്ക്

## നിരാലംബരായവർക്ക് ഭക്ഷണം നൽകുന്ന വിശപ്പുരഹിത കേരളം പദ്ധതി

| ചോദ്യം<br>**ശ്രീ.വി. അബ്ദുറഹിമാൻ** | | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) വിശപ്പ് രഹിത കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം നല്കുകയും അതുവഴി സമൂഹത്തിൽ നിന്ന് വിശപ്പ് നിർമ്മാർജ്ജനം ചെയ്യുക എന്നതുമാണ് വിശപ്പ് രഹിത കേരളം (സുഭിക്ഷ) പദ്ധതിയുടെ ലക്ഷ്യം. |
| (ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് നിലവിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്നറിയിക്കാമോ ; | (ബി) | ആലപ്പുഴ, കോട്ടയം ജില്ലകളിൽ നിലവിൽ സുഭിക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം അറിയിക്കാമോ ; | (സി) | നിരാലംബരും കിടപ്പ് രോഗികളും, ഒരു നേരത്തെ പോലും ഭക്ഷണം പാചകം ചെയ്തു കഴിക്കാൻ ബുദ്ധിമുട്ടുന്നവർ, നിരാശ്രയർ, മറ്റു പട്ടിണി അനുഭവിക്കുന്നവർ എന്നിവർക്ക് ഇതിന്റെ ഗുണഫലം ലഭിക്കേണ്ടതാണ്. ഇത്തരക്കാർക്ക് ഗുണമേന്മയുള്ള ഭക്ഷണം മിതമായ നിരക്കിൽ ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നുണ്ട്. |
| (ഡി) നിരാലംബരായവർക്ക് ഭക്ഷണം നൽകുന്ന പ്രസ്തുത പദ്ധതിയിൽ ഏറെ നിർദ്ധനരും അർദ്ധപട്ടിണിക്കാരുമായ തീരദേശ ജനത അധിവസിക്കുന്ന താനൂർ തീരദേശം കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | (ഡി) | ടി പദ്ധതി കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ കൂടി നടപ്പിൽ വരുത്താനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പദ്ധതിയുടെ പുരോഗതി വിലയിരുത്തി, ഇത് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**